بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**12-09-2025**

# ഹിജ്റ എട്ടാം വർഷം നടത്തിയ യുദ്ധാനീക്കങ്ങൾ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറത്തുൽ ഫാതിഹ എന്നിവയുടെ പാരായണത്തിനു ശേഷം,ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്...) പറഞ്ഞു:

ഹുനൈൻ യുദ്ധത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. അതിന്റെ കൂടുതൽ വിശദാംശങ്ങൾ ഇപ്രകാരമാണ്: ഹുനൈൻ യുദ്ധത്തിലും അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് സൈന്യങ്ങൾ ഇറങ്ങിയതായി പരാമർശ മുണ്ട്, അതിനെ മലക്കുകൾ എന്ന് വിശേ ഷിപ്പിക്കുന്നു.

ഈ യുദ്ധത്തിൽ മലക്കുകളുടെ ഇറക്കത്തെ ക്കുറിച്ച് മുഫസ്സിരീങ്ങളും ജീവചരിത്രകാര ന്മാരും വിവിധ ചർച്ചകൾ നടത്തിയിട്ടുണ്ട്. മലക്കുകൾ യുദ്ധത്തിൽ യഥാർഥത്തിൽ പങ്കെടുത്തു എന്നാണ് സ്വഹീഹായ നിവേദന ങ്ങളിൽ നിന്ന് തെളിയുന്നത്.

അതേസമയം, സഹായത്തിന് ഒരു മലക്ക് മാത്രം മതിയായിരുന്നല്ലോ, പിന്നെ എന്തി നാണ് ആയിരക്കണക്കിന് മലക്കുകൾ ഇറ ങ്ങിയത് എന്ന ഒരു ചോദ്യം ഉയരുന്നു.

ഇമാം ഇബ്നു കസീർ എഴുതുന്നു: അല്ലാ ഹുവിന്റെ ഭാഗത്തുനിന്ന് മലക്കുകൾ ഇറങ്ങി യതും അതിനെക്കുറിച്ച് മുസ്ലിംകൾക്ക് വിവരം നൽകിയതും സന്തോഷവാർത്ത എന്ന നിലയിലായിരുന്നു. അല്ലാഹുവിനാ കട്ടെ, ഇതില്ലാതെയും തന്റെ ശത്രുക്കൾക്കെ തിരെ മുസ്ലിംകളെ സഹായിക്കാൻ കഴിയും. വാഗ്ദത്ത മസീഹും (അ) വിവരിച്ചത് ഖുർ ആനിൽ മലക്കുകളുടെ സഹായത്തെക്കുറി ച്ചുള്ള സന്തോഷവാർത്ത നല്കിയത് സത്യ വിശ്വാസികളുടെ ഹൃദയങ്ങൾക്ക് സമാധാനം നൽകാനും യുദ്ധത്തിൽ അവർക്ക് ഭയം തോന്നാതിരിക്കാനും വേണ്ടിയാണ് എന്നാണ്. അതിനാൽ അല്ലാഹു അയ്യായിരം മലക്കു കളെക്കൊണ്ട് മുസ്ലീങ്ങളെ സഹായിക്കാൻ വരുമെന്ന് അവൻ ഖുർആനിൽ സത്യവിശ്വാ സികൾക്ക് വാഗ്ദാനം ചെയ്യുകയും സന്തോ ഷവാർത്ത നൽകുകയും ചെയ്തു. ഈ എണ്ണത്തിന്റെ ആധിക്യം എടുത്ത് കാണി ച്ചത് അവർക്ക് സന്തോഷവാർത്ത നൽകാൻ വേണ്ടിയാണ്.

ശത്രുവിന്റെ പരാജയത്തെക്കുറിച്ചും പിന്തിരിഞ്ഞോടിയതിനെക്കുറിച്ചുമുള്ള വിശദാംശങ്ങൾ മുമ്പ് വിവരിച്ചിട്ടുണ്ട്. മുഹമ്മദ്(സ) ഇന്ന് വരെ ഒരു പരാക്രമികളായ സമൂഹത്തെയും നേരിട്ടിട്ടില്ലെന്നും നമ്മെ നേരിട്ടാൽ യുദ്ധം എന്താണെന്ന് ഞങ്ങൾ അറിയിച്ചു കൊടുക്കുമെന്നും അവകാശപ്പെട്ടിരുന്ന അറേബ്യയിലെ ശക്തരായ ഹവാസിൻ ഗോത്രം അല്പം നേരം കൊണ്ട് പരാജിതരായി പിന്തിരിഞ്ഞോടി. തങ്ങളുടെ ഭാര്യമാരുടെയും കുട്ടികളുടെയും കന്നുകാലികളുടെയും കാര്യം പോലും ശ്രദ്ധിക്കാൻ അവർക്ക് കഴിഞ്ഞില്ല.

ഹവാസിൻ ഗോത്രക്കാർ ഓടിപ്പോയെങ്കിലും, ഥഖീഫ്ഗോത്രത്തിലെ പോരാളികൾ ഉറച്ചു നിന്ന് വളരെധീരമായി പോരാടിക്കൊണ്ടിരുന്നു. അവരുടെ എഴുപത് പേർ കൊല്ലപ്പെട്ടു. അവരുടെ അവസാനത്തെ പതാകവാഹകനായിരുന്ന ഉസ്മാൻ ബിൻ അബ്ദുല്ലയും കൊല്ലപ്പെട്ടതോടെ ഥഖീഫ് ഗോത്രവും പിന്തിരിഞ്ഞോടി.

ഈ യുദ്ധത്തിൽ നാല് സ്വഹാബികളാണ് ശഹീദായത്. അവരുടെ പേരുകൾ ഇവയാണ്: ഹദ്റത്ത് ഉമ്മു ഐമന്റെ മകൻ ഐമൻ ബിൻ ഉബൈദ്(റ), സുറാഖാ ബിൻ ഹാരിഥ്(റ), യസീദ് ബിൻ സംഅ(റ), ഹദ്റത്ത് അബൂ ആമിർ (റ).

ഒരു ഒരു നിവേദകൻ പറയുന്നു: അവിശ്വാസികളുടെ പരാജയത്തോടെ മുസ്ലിംകൾ തങ്ങളുടെ കൂടാരങ്ങളിലേക്ക് മടങ്ങിയപ്പോൾ നബി കരീം (സ) ആളുകൾക്കിടയിൽ നടക്കുന്നത് ഞാൻ കണ്ടു. അവിടുന്ന് ചോദിച്ചു: ആരാണ് എന്നെ ഖാലിദ് ബിൻ വലീദിന്റെ അടുത്ത് എത്തിക്കുക? അവിടുന്ന് അദ്ദേഹത്തിന്റെ അടുത്ത് എത്തിയപ്പോൾ, ഖാലിദ് ഒരു ഒട്ടകത്തെ ചാരി ഇരിക്കുകയായിരുന്നു. ഹുസൂർ(സ) ഖാലിദിന്റെ അടുത്ത് ഇരിക്കുകയും മുറിവ് കണ്ടപ്പോൾ അതിൽതന്റെ ഉമിനീർ പുരട്ടുകയും ചെയ്തു. അങ്ങനെ അദ്ദേഹത്തിന് സൗഖ്യം ലഭിച്ചു. ഇതിനുപുറമെ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ ഔഫാ(റ), ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉസ്മാൻ (റ), ഹദ്റത്ത് അലി (റ) എന്നിവർക്കും പരിക്കേറ്റിരുന്നു.

തുടക്കത്തിൽ ഹുനൈൻ യുദ്ധക്കളത്തിൽ നിന്ന് ഓടിപ്പോയ മുസ്ലിംകളിൽ ചിലർ മക്കയിൽ ചെന്ന്മുസ്ലിംകൾ പരാജയപ്പെട്ടുവെന്നും നബി കരീം(സ) നഊദുബില്ലാഹ് വധിക്കപ്പെട്ടുവെന്നും പറഞ്ഞു. ഈ വാർത്ത കേട്ട് മക്കയിലെ കപടവിശ്വാസികളും ശത്രുത വച്ചുപുലർത്തിവരും വളരെ സന്തോഷിച്ചു. ഇനി അറേബ്യ തന്റെ പൂർവ്വികരുടെ മതത്തിലേക്ക് തിരികെ വരുമെന്ന് അവർ പറഞ്ഞു. ഇതിന് ശേഷംഅധികം താമസിയാതെ ഹുനൈനിൽനിന്ന് മുസ്ലിംകൾക്ക് വിജയം ലഭിച്ചുവെന്നും, ബനുഹവാസിൻ കനത്ത പരാജയം ഏറ്റുവാങ്ങി ഓടിപ്പോയെന്നുമുള്ള സന്തോഷവാർത്ത വന്നെത്തി.

മക്കാ വിജയത്തെക്കുറിച്ച് പരാമർശിച്ചിരുന്നതിന് തൊട്ടുമുമ്പുള്ള ഖുതുബയിൽ, ഇസ്മ് യുദ്ധനീക്കത്തെ കുറിച്ചുള്ള വിവരണത്തിൽ ഒരു സ്വഹാബി, മുഹ്ലിം ബിൻ യസാമ, സലാം പറഞ്ഞു കടന്നുപോയ ഒരു വ്യക്തിയെ കൊന്നതിനെക്കുറിച്ച് പരാമർശിച്ചിരുന്നു. ഈ സംഭവത്തെക്കുറിച്ച് കൂടുതൽ വിശദാംശങ്ങൾ വിവരിക്കുകയാണ്: ഹുനൈൻ യുദ്ധത്തിന് ശേഷം നബി കരീം(സ) ത്വാഇഫ് യുദ്ധത്തിന് പോവുകയായിരുന്നു. ഒരു ദിവസം ളുഹർ നമസ്കാരത്തിന് ശേഷം ഉയയ്ന ബിൻ ഹിസ്ൻ എഴുന്നേറ്റ്, കൊല്ലപ്പെട്ട ആമിർ ബിൻ അസ്ബത് അഷ്ജഇയുടെ രക്തത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടു. അഖ്റഅ് ബിൻ ഹാബിസ് എഴുന്നേറ്റ് മുഹ്ലിം ബിൻ യസാമയെ രക്ഷിക്കാൻ ആഗ്രഹിച്ചു. അവർ രണ്ടുപേരും നബി കരീം(സ)യുടെ മുമ്പിൽ തർക്കിക്കാൻ തുടങ്ങി. സംസാരത്തിന് ശേഷം

നബികരീം(സ) ഉയയ്നയോട് നഷ്ടപരി ഹാരം സ്വീകരിക്കാൻ പറഞ്ഞു:
നഷ്ടപരിഹാരത്തെക്കുറിച്ചുള്ള തീരുമാനം വന്നതിനുശേഷം മുഹ്ലിം എഴുന്നേറ്റ് നബി കരീം(സ)യുടെ അടുത്ത് വന്ന് ഇരുന്നു. അദ്ദേ ഹത്തിന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: അങ്ങേയ്ക്ക് ലഭിച്ച വിവരങ്ങളെക്കുറിച്ച് ഞാൻ ദൈവസമക്ഷം തൗബ ചെയ്യുന്നു. അങ്ങ് എനിക്ക് വേണ്ടി അല്ലാഹുവിനോട് പാപമോചനം തേടിയാലും. നബിതിരുമേനി (സ)ചോദിച്ചു: നിന്റെ പേരെന്താണ്? അദ്ദേഹം പറഞ്ഞു: മുഹ്ലിം ബിൻ യസാമ. അവിടുന്ന് പറഞ്ഞു: നിങ്ങൾ ഇസ്‌ലാമിന്റെ തുടക്ക ത്തിൽ തന്നെ അവനെ കൊന്നുവോ? നബി കരീം(സ) ഉച്ചത്തിൽ പറഞ്ഞു: അല്ലാഹുവേ, മുഹ്ലിമിന് പൊറുത്തുകൊടുക്കരുതേ. എല്ലാ വരും ഇത് കേട്ടു. മുഹ്ലിം വീണ്ടുംപറഞ്ഞു: യാ റസൂലല്ലാഹ്, ഞാൻ മാപ്പ്ചോദിക്കുന്നു, എനിക്ക് വേണ്ടി മാപ്പ്ചോദിച്ചാലും. നബി കരീം(സ) വീണ്ടും ഉച്ചത്തിൽപറഞ്ഞു: അല്ലാ ഹുവേ, മുഹ്ലിം ബിൻ യസാമക്ക് പൊറു ത്തുകൊടുക്കരുതേ. അദ്ദേഹം മൂന്നാമതും പറഞ്ഞപ്പോൾ നബി കരീം(സ) മൂന്നാമതും അത്തന്നെ പറഞ്ഞു. പിന്നെ നബികരീം(സ) അദ്ദേഹത്തോട് പറഞ്ഞു: എന്റെ മുമ്പിൽ നിന്ന് എഴുന്നേറ്റ് പോകുക. ഇബ്നു ഇസ്ഹാ ഖിന്റെ ഒരു നിവേദനത്തിൽ പറയുന്നു: മുഹ്ലി മിന്റെ ഗോത്രക്കാർ പറയുന്നത്, പിന്നീട് നബി കരീം (സ) അദ്ദേഹത്തിന് പാപമോ ചനം ലഭിക്കാൻ പ്രാർത്ഥിച്ചിരുന്നു എന്നാണ്.
ഔതാസ് യുദ്ധനീക്കത്തിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്: തങ്ങളുടെ ഭാര്യമാരെയും കുട്ടികളെയും മുഴുവൻ കന്നുകാലികളെയും കൊണ്ട് ആക്രമിക്കാൻ വന്ന ബനു ഹവാ സിൻ ഗോത്രം ഓടിപ്പോയപ്പോൾ ഇവയെ ല്ലാംയുദ്ധമുതൽ ആയി മുസ്‌ലിംകളുടെ കൈവശമെത്തി. .

നബി കരീം (സ) ഹദ്റത്ത് അബൂ ആമിർ അശ് അരിയുടെ നേതൃത്വത്തിൽ ഒരു സൈന്യം ഔതാസിലേക്ക് അയച്ചു. ഈ സൈന്യ ത്തിൽ അബൂ മൂസാ അശ്അരിയും സൽമാ ബിൻ അക്‌വയും ഉണ്ടായിരുന്നു. ഹദ്റത്ത് അബൂ ആമിർ ശത്രുവിനെ പോരാട്ടത്തിന് ക്ഷണിച്ചു. അവിടെ ശത്രുക്കളുടെ ഭാഗത്ത് പത്ത് സഹോദരങ്ങൾ ഉണ്ടായിരുന്നു. അവർ തങ്ങളുടെ യുദ്ധപാടവത്തിന് പേരുകേട്ടവരാ യിരുന്നു. ഈ പത്ത് സഹോദരങ്ങൾ പോരാട്ടത്തിന് വന്നു. അബൂആമിർ അവരിൽ ഓരോരുത്തരെയുംആദ്യം ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. പക്ഷെ അവർ പോരാട്ടത്തിന് മുൻഗണനന നൽകുകയാണ് ചെയ്തത്. അങ്ങനെ ഒരാൾക്കു ശേഷം മറ്റൊരാൾ കണക്കെ ഒമ്പതു പേരും കൊല്ലപ്പെട്ടു. പത്താമത്തെ സഹോദരൻ പിന്നീട് ഇസ്‌ലാം സ്വീകരിക്കുകയും ഒരു നല്ല മുസ്‌ലിം ആയി മാറുകയും ചെയ്തു. എന്തായാലും, ഹദ്റത്ത് അബൂ ആമിർ ധീരമായി പോരാടിക്കൊണ്ടി രുന്നു. അതിനിടെ ഒരു അമ്പ് അദ്ദേഹത്തിന്റെ നെഞ്ചിലും മറ്റൊന്ന് മുട്ടിലും തറച്ചു. ആഴ ത്തിലുള്ള മുറിവു കാരണം അദ്ദേഹം ശഹീ ദായി. അബൂ മൂസാ അശ്അരി (റ) ആ ആളു കളുമായി യുദ്ധം ചെയ്യുകയും ശത്രു പരാജ യപ്പെട്ട് അവിടെ നിന്ന് ഓടിപ്പോവുകയും ചെയ്തു.
ഇനി ഥുഫൈൽ ബിൻ അംറ് ദൗസിയുടെ യുദ്ധനീക്കത്തെക്കുറിച്ചാണ് പ്രതിപാദിക്കു ന്നത്. ഇത് ഹിജ് എട്ടാം വർഷം ശവ്വാലിലാണ് നടന്നത്. നബി കരീം(സ) ഹുനൈനിൽ നിന്ന് ത്വാഇഫിലേക്ക് പോകുമ്പോൾ, ദുൽ കഫൈൻ എന്ന വിഗ്രഹം തകർക്കാൻ ഥുഫൈൽ ദൗസിയെ അയച്ചു. അവിടുന്ന് ഇപ്ര കാരം ഉപദേശങ്ങളും നൽകി: സലാം നന്നായി പ്രചരിപ്പിക്കുക. അതായത് സമാധാനം പ്രചരിപ്പിക്കുക. ആളുകൾക്ക് ഭക്ഷണം നൽ കുക. ഒരു മാന്യനായ മനുഷ്യൻ തന്റെ വീട്ടു

കാരോട് ലജ്ജിക്കുന്നതുപോലെ അല്ലാഹുവിനെ ഭയപ്പെടുക. എന്തെങ്കിലും തെറ്റോ പാപമോ ചെയ്താൽ, ഉടൻ തന്നെ ഒരു നന്മ ചെയ്യുക, കാരണം നന്മകൾ പാപങ്ങളെ മായ്ച്ചു കളയുന്നു. ഈ ഉപദേശങ്ങൾ നൽകിയ ശേഷം അവിടുന്ന് പറഞ്ഞു: നിങ്ങളുടെ ഗോത്രത്തിലെ ആളുകളെ കൂടെ കൂട്ടുക, ഈ ദൗത്യം പൂർത്തിയാക്കിയ ശേഷം ത്വാഇഫിലേക്ക് തിരികെ വരിക.

ത്വാഇഫ് യുദ്ധം: ഇതും ഹിജ്റ എട്ടാം വർഷം ശവ്വാലിലാണ് നടന്നത്. ത്വാഇഫ് വളരെ ശക്തമായ ഒരു സ്ഥലമായിരുന്നു. അവിടുന്ന് ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ ആയിരം പോരാളികൾ അടങ്ങുന്ന ഒരു മുൻനിര സൈന്യത്തെ അയച്ചു. അവർ അവിടെ എത്തി ത്വായിഫ് കാരുമായി ചർച്ച നടത്താൻ ശ്രമിച്ചു. പക്ഷെ അവർ അതിന് തയ്യാറായില്ല. തുടർന്ന് നബി തിരുമേനിയും (സ) ത്വാഇഫിലേക്ക് യാത്ര തിരിച്ചു. നബികരീം(സ) ആദ്യം ത്വാഇഫിന് വളരെ അടുത്തുള്ള ഒരു തുറന്ന സ്ഥലത്താണ് തമ്പടിച്ചത്. സൈന്യം പൂർണ്ണമായി തങ്ങുന്നതിന് മുമ്പുതന്നെ കോട്ടയിലെ അമ്പെയ്ത്തുകാർ വലിയ തോതിൽ അമ്പുകൾ എയ്ത് പല മുസ്ലിംകളെയും പരിക്കേൽപ്പിച്ചു. ഉപരോധത്തിനിടയിൽ ഇരുഭാഗത്തുനിന്നും അമ്പെയ്ത്തും കല്ലേറും ഉണ്ടായിക്കൊണ്ടിരുന്നു. ഈ സാഹചര്യം നേരിടാൻ, നബി കരീം(സ) മൻജനീഖ് സ്ഥാപിച്ചു കൊണ്ട് ത്വാഇഫിലെ ആളുകളുടെ നേരെ വലിയ കല്ലുകൾ എറിഞ്ഞു. ഈ സമയത്ത്, നബി കരീം (സ) ത്വാഇഫിലെ ആളുകളുടെ മുന്തിരിത്തോട്ടങ്ങൾ വെട്ടിക്കളയാൻ കല്പന നല്കി. ഇത് അവരെ ഭയപ്പെടുത്താനുള്ള ഒരു അവസാനത്തെ തന്ത്രമായിരുന്നു എന്നാണ് ഞാൻ കരുതുന്നത്. കാരണം പിന്നീട് ഈ കൽപ്പന അവിടുന്ന് പിൻവലിച്ചു. നബി കരീം(സ)യും സ്വഹാബികളും അരമാസത്തിലധികം ത്വാഇഫിലെ ആളുകളുമായി യുദ്ധം ചെയ്തുകൊണ്ടിരുന്നു. ഹുനൈനിലെ പരാജയത്തിന്റെ ഭയം ത്വാഇഫിലെ ആളു കളുടെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞതോടെ അവർ കോട്ടയുടെ അകത്തുനിന്ന് മാത്രമേ യുദ്ധം ചെയ്തുള്ളൂ; പുറത്തേക്ക് വന്നിരുന്നില്ല.

ഖുതുബയുടെ അവസാനം ഹുസൂർ തിരുമസ്സ് വഫാത്തായ ഡോക്ടർ സയ്യിദ് ശിഹാബ് അഹ്മദ് സാഹിബിനെയും-വാഗ്ദത്തമസീഹി (അ)ന്റെ സഹാബി ഹദ്റത്ത് സയ്യിദ് ഇരാദത്ത് ഹുസൈൻ സാഹിബിന്റെ പേരമകനായിരുന്നു അദ്ദേഹം-ലാഹോറിലെ മുബാറക് ഖോഖർ സാഹിനെയും അനുസ്മരിക്കുകയും നമസ്കാരശേഷം ജനാസ ഗായിബ് നിർവഹിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. ഇരുപേരുടെയും പാപമോചനത്തിനായി പ്രാർഥിക്കുകയും ചെയ്തു.

.

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 12.09.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY BM ARIF MOHAMMED
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516